II ഇ.ബി.XIV-കേരള നിയമസഭ/XI-4

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 7, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*91)&(110) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഒരു പൊതുഭരണ സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടെന്നും ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളെ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട

ആശങ്കകൾ ചർച്ചയ്ക്ക് വിധേയമാക്കുമെന്നും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിലൂടെ വിദ്യാഭ്യാസ വകുപ്പ് നടത്തിയ ബഹുമുഖ പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ അക്കാദമിക വർഷം 1.5 ലക്ഷത്തോളം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നുവെന്നും സഭയെ അറിയിച്ചു. ഈ വർഷവും ഈ പ്രവണത തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രീപ്രൈമറി-പൊതുവിദ്യാഭ്യാസ രംഗങ്ങളിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളുടെ വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കേരളത്തിന്റെ അക്കാദമിക നിലവാരത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*92) <u>തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കാൻ നടപടി</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, പ്രവർത്തനരഹിതമായിരുന്ന കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും അവയുടെ

പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വനം, കൃഷി, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിലും സ്വകാര്യ ഭൂമികളിലും എസ്റ്റേറ്റ് അടിസ്ഥാനത്തിൽ വ്യാപകമായ തോതിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സ്വകാര്യ പ്ലാന്റർമാർക്ക് അനുമതി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടർ വഴി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി സ്വകാര്യ വ്യവസായികൾക്കുകൂടി ന്യായവിലയ്ക്ക് കൊടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ തോട്ടങ്ങളിലും സ്ഥാപനങ്ങളിലും ലഭ്യമായ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതുമാണ്. സർക്കാർ തോട്ടണ്ടി സംഭരിക്കുന്നതിലൂടെ കശുമാവ് കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നുണ്ടെന്നും കാപ്പെക്സിലും കശുവണ്ടി കോർപ്പറേഷനിലുമായി 2015 തൊഴിലാളികൾക്ക് ജോലി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഈ സർക്കാർ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുവെന്നും കശുവണ്ടി

മേഖലയിലെ തൊഴിലാളികളെയും ഫാക്ടറി ഉടമകളെയും സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*93) <u>രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഉൾപ്പെടെ വിവിധ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും 8 സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കാർഡ് മുറികളുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി കോംപാക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രപ്പത്രം ആവശ്യമുള്ള ആധാരങ്ങളുടെ രജിസ്ട്രേഷന് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുള്ളത് കൂടാതെ ആധാര രജിസ്ട്രേഷന് 2017 ഫെബ്രുവരി മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുകയും രജിസ്ട്രേഷൻ മുടങ്ങിപ്പോകുന്ന സന്ദർഭങ്ങളിൽ ഇ-പേമെന്റായി അടച്ച ഫീസ് ഉടനടി തിരിച്ചുകിട്ടുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതുമാണ്. ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിനുപുറമെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിന് ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസുകളിലെ നെറ്റ്‌വർക്ക് തകരാർ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. 2015-16-നെ അപേക്ഷിച്ച് രജിസ്ട്രേഷനിൽ 626 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ഒന്ന് മുതൽ നൂറ് രൂപ വരെയുള്ള മുദ്രപ്പത്രത്തിന്റെ ക്ഷാമം പരിഹരിച്ചിട്ടുണ്ടെന്നും വകുപ്പിന്റെ അധീനതയിലുള്ള കാലപ്പഴക്കം ചെന്ന 51 ഓഫീസുകളെ കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. റവന്യൂ സ്റ്റാമ്പിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1197 മുതൽ 1587 വരെയുള്ള ചോദ്യങ്ങളിൽ 127 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)